പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

2020 മാർച്ച് 19, വ്യാഴം

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ-30]**

മറുപടി നൽകുന്ന മന്ത്രിമാർ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി

ജലവിഭവ വകുപ്പ് മന്ത്രി

തൊഴിലും എക്സൈസും വകുപ്പമന്ത്രി

വനമേഖലയിൽ നടപ്പാക്കുന്ന മണ്ണ്, ജലസംരക്ഷണ പ്രവൃത്തികൾ

*361. ശ്രീ.ആർ. രാമചന്ദ്രൻ

ശ്രീമതി ഇ.എസ്.ബിജിമോൾ

,, ഗീതാ ഗോപി

ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ നടപ്പാക്കുന്ന മണ്ണ്, ജലസംരക്ഷണ പ്രവൃത്തികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വനത്തിന് പുറത്തും വനാതിർത്തിയിലുമുള്ള നദികൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) വനമേഖലയിലുള്ള സ്വാഭാവികമായ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി നടത്തുന്ന പ്രവൃത്തികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത മേഖലയിലെ മനുഷ്യനിർമ്മിതമായ ജലസ്രോതസ്സുകൾ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ടോ;

(ഇ) വനമേഖലയിലെ ജലസ്രോതസ്സുകളിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനും ജലാശയം വൃത്തിയാക്കുന്നതിനും പൊതുജന സഹായം തേടുന്നുണ്ടോ; വ്യക്തമാക്കുമോ?

ഡാമുകളുടെ ബലക്ഷയ പരിശോധന

*362. ഡോ.എം. കെ. മുനീർ

ശ്രീ.എം.ഉമ്മർ

,, എം. സി. കമറുദ്ദീൻ

,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകളുടെ ബലക്ഷയം സംബന്ധിച്ച പരിശോധനയുമായി ബന്ധപ്പെട്ട് കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മേജർ ഡാമുകളുടെ ബലക്ഷയ പരിശോധന നിലവിലുള്ള നിബന്ധനപ്രകാരം പത്ത് വർഷം കൂടുമ്പോൾ നടത്താറുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം ഡാമുകളാണ് ബലക്ഷയം നേരിടുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഏതെല്ലാം ഡാമുകളാണ് ഇനിയും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതെന്നറിയിക്കാമോ?

<u>തൊഴിലാളി ക്ഷേമം ഉറപ്പാക്കാൻ നടപടി</u>

*363. ശ്രീ.കെ. ദാസൻ

,, എസ്.ശർമ്മ

,, എം. നൗഷാദ്

,, വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ അനുവർത്തിക്കുന്നതായി ആക്ഷേപമുള്ള തൊഴിലാളി വിരുദ്ധ നടപടികളുടെ തുടർച്ചയായി ഇ.പി.എഫ്. പെൻഷൻ അട്ടിമറിക്കാൻ നടത്തുന്ന നീക്കം തൊഴിലാളികളിൽ സൃഷ്ടിച്ച ആശങ്ക കേന്ദ്രസർക്കാരിനെ അറിയിക്കുമോ;

(ബി) വേജ് കോഡിന്മേലുള്ള സർക്കാർ നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നോ;

(സി) കേന്ദ്രസർക്കാരിന്റെ നയങ്ങളും നടപടികളും മൂലം തൊഴിലില്ലായ്മ വർദ്ധിക്കുകയും തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കാൻ വഴിയൊരുക്കുകയും ചെയ്യുമ്പോൾ തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിക്കുന്നതിനും തൊഴിലാളി ക്ഷേമം ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

<u>മൃഗശാലകളിലെ നവീകരണ പ്രവർത്തനങ്ങൾ</u>

*364. ശ്രീ.പി.കെ.അബ്ദു റബ്ബ്

,, അബ്ദുൽ ഹമീദ് പി.

,, ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളിൽ ഓരോ ജീവി വർഗ്ഗത്തിനും അവയുടെ സ്വാഭാവികമായ പ്രകൃതിദത്ത ആവാസവ്യവസ്ഥ അനുഭവപ്പെടുന്ന വിധത്തിലുള്ള നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമോ;

(ബി) ഈ മേഖലയിൽ കൂടുതൽ പഠനവും ഗവേഷണവും നടത്തുവാൻ തയ്യാറാകുമോ;

(സി) മൃഗങ്ങൾക്കുള്ള പ്രയാസങ്ങൾ ലഘൂകരിക്കുന്ന വിധത്തിലും സന്ദർശകർക്ക് കൂടുതൽ ആസ്വാദ്യകരമാവുന്ന വിധത്തിലും മൃഗശാലകളെ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ശുദ്ധജല ഉപഭോഗ നിയന്ത്രണം</u>

*365. ശ്രീ.കെ.എൻ.എ ഖാദർ

,, എൻ .എ.നെല്ലിക്കുന്ന്

,, ടി.എ.അഹമ്മദ് കബീർ

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

വരുന്ന വേനൽക്കാലം കണക്കിലെടുത്ത് ശുദ്ധജല ഉപഭോഗം നിയന്ത്രിക്കുന്നതിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>തോട്ടം മേഖലയ്ക്കായി പുനരുദ്ധാരണ പാക്കേജ്</u>

*366. ശ്രീ.വി.ടി.ബൽറാം

,, അൻവർ സാദത്ത്

,, എം. വിൻസെന്റ്

,, അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയ്ക്കായി പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാത്തത് മൂലം അവിടെ പണിയെടുത്തിരുന്ന നൂറുകണക്കിന് തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലായ സാഹചര്യത്തിൽ അവർക്കായി എന്തൊക്കെ സഹായമാണ് സർക്കാർ നൽകുന്നത്;

(സി) തോട്ടം മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി രൂപീകരിച്ച കരട് പ്ലാന്റേഷൻ നയം പ്രസ്തുത മേഖലയിലെ ഏതൊക്കെ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നാണ് കരുതുന്നത്;

(ഡി) തോട്ടം മേഖലയിൽ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ;

(ഇ) പ്രസ്തുത മേഖലയിൽ വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ</u>

*367. ശ്രീ.കെ. ആൻസലൻ

,, എ. പ്രദീപ്കുമാർ

ശ്രീമതി യു. പ്രതിഭ

ശ്രീ.കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് കേസുകളിൽ ഉണ്ടാകുന്ന വലിയ വർദ്ധന ആശങ്കാജനകമായ സാഹചര്യം വെളിപ്പെടുത്തുന്നതിന്റെ പശ്ചാത്തലത്തിൽ മൂന്ന് മാസം നീണ്ടുനിൽക്കുന്ന തീവ്രയത്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) വിമാനത്താവളങ്ങൾ വഴിയും ട്രെയിൻ വഴി ഇതര സംസ്ഥാന തൊഴിലാളികളെ ഉപയോഗിച്ചുകൊണ്ടും വർദ്ധിച്ചുവരുന്ന ലഹരി കടത്ത് ഫലപ്രദമായി തടയാൻ മറ്റ് ഏജൻസികളുമായി ചേർന്നുകൊണ്ട് എൻഫോഴ്സ്മെന്റ് ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ലഹരി വിരുദ്ധ പ്രവർത്തനത്തിന്റെ വിജയത്തിന് അനിവാര്യമായ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് കുടുംബശ്രീ പ്രസ്ഥാനത്തെക്കൂടി പങ്കാളിയാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ പ്രയോഗം സാധ്യമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

## <u>പട്ടിക, പിന്നാക്ക വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളിയ നടപടി</u>

*368. ശ്രീ.എൻ. ഷംസുദ്ദീൻ

,, കെ.എം.ഷാജി

,, കെ.എൻ.എ ഖാദർ

,, എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ, പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് ഈ സർക്കാർ നടപടികൾ എടുത്തിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇപ്രകാരം എഴുതിത്തള്ളുന്നതിന് ആധാരമാക്കുന്ന വ്യവസ്ഥകൾ വിവരിക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇപ്രകാരം എഴുതിത്തള്ളപ്പെട്ട ആകെ വായ്പകളുടെ മൂല്യം എത്രയാണ്; വ്യക്തമാക്കുമോ?

## <u>സിനിമാ മേഖലയിൽ സർക്കാരിന്റെ ഇടപെടൽ</u>

*369. ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

,, മഞ്ഞളാംകുഴി അലി

,, പി.കെ.ബഷീർ

,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിനിമാ മേഖലയിൽ ലഹരി മരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കുമോ;

(ബി) സിനിമാ മേഖലയിലെ തെറ്റായ പ്രവണതകളും ചൂഷണങ്ങളും സംഘടനകൾ തമ്മിലുള്ള പ്രശ്നങ്ങളും നിയന്ത്രിക്കാൻ സർക്കാരിന് കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളാണ് സർക്കാർ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>കിണർ റീചാർജിംഗ് പദ്ധതി</u>

*370. ശ്രീ.ഷാഫി പറമ്പിൽ

,, വി.പി.സജീന്ദ്രൻ

,, വി.ടി.ബൽറാം

,, അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം കിണർ റീചാർജിംഗ് പദ്ധതി പ്രാവർത്തികമാക്കുന്നുണ്ടോ;

(ബി) ഇതിന്റെ കീഴിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ കിണറുകൾ റീചാർജ് ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ടോ; ഇത് വിജയപ്രദമാണോ;

(ഡി) കിണർ റീചാർജിംഗ് സാർവ്വത്രികമായി നടപ്പിലാക്കുന്നതിനും അതിനെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാൻ നടപടി</u>

*371. ശ്രീ.എ. പ്രദീപ്കുമാർ

ശ്രീമതി യു. പ്രതിഭ

ശ്രീ.ആന്റണി ജോൺ

പ്രൊഫ.കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളുടെ നിലവാരം അന്താരാഷ്ട്രതലത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ഗുണമേന്മയും ഫലപ്രാപ്തിയുമുള്ള പ്രവർത്തനങ്ങൾ കാഴ്ചവച്ച സർക്കാർ ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എത്ര ഐ.ടി.ഐ.കളിൽ വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(ഡി) ഐ.ടി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് ആധുനിക സാങ്കേതികവിദ്യയിൽ പരിശീലനം ലഭ്യമാക്കുന്നതിനും അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി പ്രമുഖ വ്യവസായ സ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ</u>

*372. ശ്രീ.കെ. രാജൻ

ശ്രീമതി ഇ.എസ്.ബിജിമോൾ

ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ

,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളും നല്കുന്ന സഹായങ്ങളും വിവരിക്കുമോ;

(ബി) ഇപ്രകാരം നടപ്പിലാക്കിയ വിവിധ ഉന്നമന പദ്ധതികളിലൂടെ ഉന്നത ജോലികൾ കൈവരിക്കുന്നതിന് പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ടവർക്ക് സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പട്ടിക വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുണ്ടാകുന്ന ഭാഷാപ്രശ്നം, മറ്റു വിദ്യാർത്ഥികളുമായി ഇടപഴകുമ്പോഴുണ്ടാകുന്ന ധാരണപ്പിശകുകൾ മുതലായവ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) വിദൂരവും വനത്തിനകത്ത് സ്ഥിതിചെയ്യുന്നതുമായ പട്ടികവർഗ്ഗ ഗോത്രവിഭാഗങ്ങളുടെ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ വിവരിക്കുമോ;

(ഇ) ഗോത്രബന്ധു, ഗോത്ര സാരഥി, പഠനമുറി പോലുള്ള പദ്ധതികൾ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിയിൽ നല്കിയ സംഭാവനകൾ വിശദമാക്കുമോ?

<u>ക്ഷീരോല്പാദന രംഗത്തെ ആധുനിക സംവിധാനങ്ങൾ</u>

*373. ശ്രീ.വി. അബ്ദുറഹിമാൻ

,, ജെയിംസ് മാത്യു

,, എം. രാജഗോപാലൻ

,, കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചകൊണ്ട് പാലുല്പാദനത്തിൽ കുറവ് വന്നിട്ടുള്ള സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പാക്കിക്കൊണ്ട് പാൽ ലഭ്യത ഉറപ്പ വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തിന് പുറമെ നിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ക്ഷീര വകുപ്പ് അതിർത്തികളിൽ കാര്യക്ഷമമായ ആധുനിക പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കൂടുതൽ ക്ഷീര കർഷകരെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിന് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തി ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ശക്തീകരിക്കുന്നതിന് നൽകുന്ന സഹായം എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) തല്പരരായ കർഷകർക്ക് ശാസ്ത്രീയ മൃഗപരിപാലനം സംബന്ധിച്ച് അറിവു പകർന്നു നൽകുന്നതിനും ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നതിനു വേണ്ട സഹായം നൽകുന്നതിനും പദ്ധതിയുണ്ടോ?

പട്ടികജാതിയിൽപ്പെട്ടവർക്കുള്ള വീട് നിർമ്മാണം

*374. പ്രൊഫ.കെ.യു. അരുണൻ

ശ്രീ.ബി.സത്യൻ

ശ്രീമതിവീണാ ജോർജ്ജ്

ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പട്ടികജാതികളിൽപെട്ടവർക്ക് ലൈഫ് പദ്ധതി പ്രകാരമുൾപ്പെടെ ആകെ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പൂർത്തിയായിട്ടുണ്ടെന്നും ഉള്ള വിവരം ലഭ്യമാണോ;

(ബി) വീട് അനുവദിച്ചിട്ട് പണി ആരംഭിക്കാൻ കഴിയാതിരുന്നവരുടെയും പണി പാതി വഴിയിലായവരുടെയും വീടുകളുടെ പണി പൂർത്തിയാക്കുന്നതിന് നൽകിയിട്ടുള്ള സഹായങ്ങൾ എന്തെല്ലാമാണ്;

(സി) പട്ടികജാതിയിൽപ്പെട്ട ഭൂരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങി നൽകാൻ പദ്ധതിയുണ്ടോ; എത്ര പേർക്ക് ഈ പദ്ധതിപ്രകാരം സ്ഥലം ലഭ്യമാക്കാൻ നടപടിയെടുത്തു വരുന്നെന്ന് അറിയിക്കാമോ;

(ഡി) പ്രളയബാധിതരായ പട്ടികജാതിക്കാരെ മുൻഗണനാടിസ്ഥാനത്തിൽ പുനരധിവസിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

നവജീവൻ പദ്ധതി

*375. ശ്രീ.എം. നൗഷാദ്

,, എ. എൻ. ഷംസീർ

,, പി.കെ. ശശി

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത മുതിർന്ന പൗരന്മാർക്ക് അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുന്നതിനായി നവജീവൻ എന്ന പേരിൽ നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏത് പ്രായപരിധിയിലുള്ള വയോജനങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഏതെല്ലാം സ്വയംതൊഴിൽ സംരംഭങ്ങൾക്കാണ് പദ്ധതി പ്രകാരം ധനസഹായം നൽകുന്നതെന്നും അറിയിക്കാമോ;

(സി) പദ്ധതി പ്രകാരം മുതിർന്ന പൗരന്മാർക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പാൽ ക്ഷാമം പരിഹരിക്കുന്നതിന് നടപടി

*376. ശ്രീ.റോജി എം. ജോൺ

,, എൽദോസ് പി. കുന്നപ്പിള്ളിൽ

,, അനിൽ അക്കര

,, എ.പി. അനിൽ കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽ കടുത്തതോടുകൂടി ഉണ്ടായിട്ടുള്ള പാൽ ക്ഷാമം പരിഹരിക്കുന്നതിന് മഹാരാഷ്ട്രയിൽ നിന്നും കട്ടി കൂടിയ പാൽ വാങ്ങുന്നതിന് കരാർ ആയിട്ടുണ്ടോ;

(ബി) എത്ര ലിറ്റർ പാലാണ് ഇപ്രകാരം ദിനം പ്രതി വാങ്ങുന്നത് എന്നും ലിറ്ററിന് എന്ത് വിലയാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പാൽ സംസ്കരിക്കുന്നതിലൂടെ എത്ര ലിറ്റർ പാൽ അധികമായി ലഭിക്കുമെന്ന് അറിയിക്കാമോ;

(ഡി) വേനൽ കടുത്തതോടുകൂടി കർഷകർക്കുണ്ടായ ഉല്പാദന കുറവും നഷ്ടവും നികത്തുന്നതിന് പാലിന്റെ വില ലിറ്ററിന് മൂന്ന് രൂപ നിരക്കിൽ അധികമായി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>പട്ടിക ഗോത്രവർഗ്ഗക്കാർക്കുള്ള സ്വയംതൊഴിൽ പദ്ധതി</u>

*377. ശ്രീ.ഒ. ആർ. കേളു

,, കെ.വി.വിജയദാസ്

,, ആന്റണി ജോൺ

,, സി.കെ. ഹരീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികഗോത്രവർഗ്ഗക്കാരിൽ സംരംഭകത്വം വളർത്തുകയെന്ന ലക്ഷ്യത്തോടെ സ്റ്റാർട്ടപ് മിഷനുമായി ചേർന്ന് സ്റ്റാർട്ടപ് ഡ്രീംസ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പട്ടിക ഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ അവരെ സ്വയം തൊഴിൽ പദ്ധതികൾ കണ്ടെത്തുന്നതിന് സഹായിക്കാനും നൈപുണി വികസനത്തിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) അഭ്യസ്തവിദ്യരായ ഗോത്രവർഗ്ഗ യുവാക്കളിൽ ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനും സംരംഭങ്ങൾക്കാവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പഠനസഹായങ്ങൾ</u>

*378. ശ്രീ.മോൻസ് ജോസഫ്

,, പി.ജെ.ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും സ്റ്റൈപന്റും ഇതുവരെ വിതരണം ചെയ്യാത്ത സാഹചര്യത്തെക്കുറിച്ച് വിശദീകരണം നൽകുമോ;

(ബി) പ്രസ്തുത ഫണ്ട് വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഈ ഫണ്ട് വക മാറ്റി ചെലവാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന പഠനമുറി നിർമ്മാണം സംബന്ധിച്ച ഫണ്ട് ഇതുവരെയും അനുവദിക്കാത്ത സാഹചര്യത്തെക്കുറിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ സാമ്പത്തിക വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് ഇനിയും വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>വനാവകാശനിയമപ്രകാരമുള്ള അവകാശങ്ങൾ</u>

*379. ശ്രീ.രാജു എബ്രഹാം

,, സി.കൃഷ്ണൻ

,, ഒ. ആർ. കേളു

,, ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്രവർഗ്ഗക്കാരിൽ ഏറെപ്പേർ വനത്തിനുള്ളിലോ വനത്തിനോട് ചേർന്നുള്ള പ്രദേശങ്ങളിലോ വസിക്കുന്നതിനാൽ അത്തരം പ്രദേശങ്ങളിൽ വേണ്ട അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിന് വനം വകുപ്പിന്റെ നിലപാട് വിഘാതമാകാതിരിക്കാൻ ശ്രദ്ധ പുലർത്താറുണ്ടോ; വനാവകാശനിയമപ്രകാരമുള്ള അവകാശങ്ങൾ ഗോത്രവർഗ്ഗക്കാർക്ക് ലഭ്യമാക്കാൻ പ്രതിബന്ധമുണ്ടാകുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) വനാശ്രിത സമൂഹത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വനത്തിന്റെ അമൂല്യത സന്ദർശകർക്ക് പകർന്നു നൽകിക്കൊണ്ട് വനസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും ഇക്കോടൂറിസം പദ്ധതികൾക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് പരിസ്ഥിതി വിനോദസഞ്ചാരം വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംരക്ഷിതവനമായി പ്രഖ്യാപിച്ചിട്ടുള്ള വനങ്ങൾക്കുള്ളിലെ ഗോത്രവർഗ്ഗക്കാരെ നിർബന്ധിതമായല്ലാതെ വനത്തിന് പുറത്തേക്ക് മാറ്റി താമസിപ്പിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; വനത്തിനുള്ളിൽ കഴിയാൻ നിർബന്ധിതരാകുന്നവരുടെ ജീവനും കൃഷിയ്ക്കും വന്യമൃഗങ്ങളിൽ നിന്നുള്ള ഭീഷണി തടയുന്നതിന് പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>അന്തർ സംസ്ഥാന നദീജല ഹബ്ബ്</u>

*380. ശ്രീ.കെ.വി.വിജയദാസ്

,, മുരളി പെരുനെല്ലി

,, പി.കെ. ശശി

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്നും സംസ്ഥാനത്തിന് അർഹമായ ജലം വിട്ടുകിട്ടാത്തത് പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കൃഷിയെ സാരമായി ബാധിക്കുന്നതും സംസ്ഥാനത്തിന് ലഭ്യമായ കാവേരി ജലം വേണ്ടവിധം വിനിയോഗിക്കാൻ പദ്ധതികളില്ലെന്ന പ്രശ്നവും പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പാലക്കാട് സ്ഥാപിക്കാനുദ്ദേശിക്കുന്ന അന്തർ സംസ്ഥാന നദീജല ഹബ്ബ് യാഥാർത്ഥ്യമായിട്ടുണ്ടോ; ഹബ്ബിന്റെ പ്രവർത്തന ലക്ഷ്യം അറിയിക്കാമോ;

(സി) സംസ്ഥാനത്ത് പുതുതായി ആവിഷ്കരിച്ച ബൃഹദ്പദ്ധതിയായ അട്ടപ്പാടി ജലസേചന പദ്ധതി പാലക്കാട് ജില്ലയിലെ ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടി ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

## ജലസംരക്ഷണ പ്രവർത്തനങ്ങൾ

*381. ശ്രീ.പി.ടി.എ. റഹീം

,, എം. സ്വരാജ്

ശ്രീമതിപി. അയിഷാ പോറ്റി

ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം നൽകാതിരുന്നതിനാൽ ആവശ്യത്തിന് മഴ ലഭിക്കുന്നിടമായിട്ടും സംസ്ഥാനം ജലക്ഷാമത്തിനും കുടിവെള്ള ക്ഷാമത്തിനും അടിക്കടി ഇടയാകുന്നത് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ വഴി നടത്തുന്ന ജലസംരക്ഷണ പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) തോടുകളുടെയും നദികളുടെയും സംരക്ഷണത്തിനും ജലവിതരണ കനാലുകളുടെ മികച്ച പരിപാലനത്തിനും ജനകീയ പങ്കാളിത്തത്തോടെ പ്രവർത്തനം നടത്തിവരുന്നുണ്ടോ;

(സി) റെഗുലേറ്ററുകൾ സ്ഥാപിച്ചുകൊണ്ട് നദികളെത്തന്നെ ജലസംഭരണിയാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

## ആദിവാസി വിദ്യാലയങ്ങളിലെ പാഠ്യപദ്ധതി

*382. ശ്രീ.ഇ.കെ.വിജയൻ

,, ചിറ്റയം ഗോപകുമാർ

ശ്രീമതി ഗീതാ ഗോപി

ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിദ്യാലയങ്ങൾ ഗോത്ര സൗഹൃദമായി നടത്തേണ്ടത് എന്തൊക്കെ കാരണങ്ങളാലാണെന്ന് വിശദമാക്കാമോ;

(ബി) ഗോത്രബന്ധു പദ്ധതിയ്ക്ക് കീഴിൽ നടപ്പിലാക്കുന്ന പാഠ്യപദ്ധതി വിശദീകരിക്കാമോ;

(സി) വനത്തിനകത്തെ വിദൂര ഊരുകളിലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ സൗകര്യം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി</u>

*383. ശ്രീ.കാരാട്ട് റസാഖ്

,, കെ.കുഞ്ഞിരാമൻ

,, സി.കെ. ഹരീന്ദ്രൻ

,, കെ.ഡി. പ്രസേനൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളുടെ ജീവഹാനിമൂലവും അവയുടെ ഉല്പാദന-പ്രത്യുല്പാദന ശേഷി നഷ്ടപ്പെടുന്നത് മൂലവും ക്ഷീര കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് ഗോസമൃദ്ധി എന്ന പേരിൽ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായുള്ള കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നും ഇൻഷ്വറൻസ് പ്രീമിയത്തിന്റെ എത്ര ശതമാനമാണ് ഗുണഭോക്താവ് അടയ്ക്കേണ്ടതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമായും സുതാര്യമായും നടപ്പിലാക്കുവാനും ക്ഷീരകർഷകർക്ക് നഷ്ടപരിഹാരം കാലതാമസം കൂടാതെ ലഭ്യമാക്കുവാൻ മൃഗസംരക്ഷണ വകുപ്പ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) കൂടുതൽ കന്നുകാലികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരകർഷകരെ സഹായിക്കുവാൻ നടപടി സ്വീകരിക്കാമോ?

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം</u>

*384. ശ്രീ.വി.പി.സജീന്ദ്രൻ

,, കെ.എസ്.ശബരീനാഥൻ

,, അൻവർ സാദത്ത്

,, എ.പി. അനിൽ കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ മൂലം പ്രസ്തുത മേഖലയിൽ ഉണ്ടായ മാറ്റം സംബന്ധിച്ച് എന്തെങ്കിലും അവലോകനം/പരിശോധന ഇതിനകം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഗോത്ര ബന്ധു പദ്ധതിപ്രകാരം മെന്റർ ടീച്ചർമാരായി എത്രപേർക്ക് നിയമനം നൽകി; ഈ പദ്ധതി ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിന് സഹായകമായിട്ടുണ്ടോ;

(സി) അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈനിക സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുന്നുണ്ടോ; 2019 ൽ എത്ര കുട്ടികൾക്ക് ഇതിലൂടെ സൈനിക സ്കൂൾ പ്രവേശനം ലഭിച്ചു;

(ഡി) വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## ജല അതോറിറ്റി നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

*385. ശ്രീ.കെ.സി.ജോസഫ്

,, അനൂപ് ജേക്കബ്

,, വി.എസ്.ശിവകുമാർ

,, എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അതിന്റെ പ്രധാന കാരണം എന്താണ്;

(ബി) നിലവിൽ ലക്ഷക്കണക്കിന് രൂപയുടെ വെള്ളക്കരം കുടിശ്ശികയായി പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ജല അതോറിറ്റിക്ക് ലഭിക്കുവാനുണ്ടോ; ഇത് ഈടാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ വെള്ളക്കരം വർദ്ധനവിനായി ജല അതോറിറ്റി നൽകിയ ശിപാർശ സർക്കാർ നിരസിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്;

(ഡി) ജല അതോറിറ്റിയുടെ ശിപാർശ തള്ളിയ സാഹചര്യത്തിൽ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമായി സർക്കാർ പ്രത്യേക ഗ്രാന്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സാംസ്കാരിക രംഗത്ത് ഉണർവ് സൃഷ്ടിക്കുന്നതിന് നടപടി

*386. ശ്രീ.എം. മുകേഷ്

,, കെ.വി.അബ്ദുൾ ഖാദർ

,, ജോൺ ഫെർണാണ്ടസ്

,, ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക രംഗത്ത് ഉണർവ് സൃഷ്ടിക്കുന്നതിനും നവോത്ഥാനമൂല്യഘോഷണത്തിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; നാട്ടരങ്ങ് എന്ന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിന് വേണ്ട ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഒരു ലക്ഷത്തിലധികം പേർക്ക് കലാപരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടെ കലാദ്ധ്യാപനത്തിനും പരിപോഷണത്തിനും ഉള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(സി) ഗ്രാമീണ കലാകാരന്മാർക്കും കരകൗശലക്കാർക്കും ഉപജീവനം സാധ്യമാക്കുന്നതിന് റൂറൽ ആർട്ട് ഹബ്ബ് പ്രാവർത്തികമായിട്ടുണ്ടോ; കലാ-സാഹിത്യ പ്രവർത്തകരെ വാർദ്ധക്യത്തിൽ സംരക്ഷിക്കാൻ

പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

<u>ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ</u>

*387. ശ്രീ.ജി.എസ്.ജയലാൽ

,, കെ. രാജൻ

,, മുല്ലക്കര രത്നാകരൻ

,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ക്ഷീരകർഷകർ നേരിടുന്ന മുഖ്യ പ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് പാൽ കേരളത്തിലെത്തുന്നത് മൂലം ഇവിടുത്തെ ക്ഷീരകർഷകർ നേരിടുന്ന കടുത്ത മത്സരത്തിൽ നിന്നും അവരെ പരിരക്ഷിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് സർക്കാരിന്റെ ഭാഗത്ത് നിന്ന് ചെയ്യുന്നതെന്നറിയിക്കുമോ;

(ഡി) പാലുല്പാദന ചെലവ് കൂടുന്നത് മൂലം ക്ഷീരവൃത്തിയിൽ നിന്നുള്ള ആദായം കുറയുന്നത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>വന സംരക്ഷണം</u>

*388. ശ്രീ.സണ്ണി ജോസഫ്

,, പി.ടി. തോമസ്

,, എം. വിൻസെന്റ്

,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശോഷണം സംഭവിച്ച വനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും എന്തൊക്കെ പ്രവർത്തനങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കുന്നത്;

(ബി) സംസ്ഥാനത്തിന്റെ പല മേഖലയിലും വനം കയ്യേറ്റം ഉണ്ടാകുന്ന സാഹചര്യത്തിൽ വനമേഖലയെ വേർതിരിക്കുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) മനുഷ്യ-മൃഗ സംഘർഷങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ അതിനെ പ്രതിരോധിക്കുവാൻ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; അത് ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) 2019-20 ൽ ഇക്കാര്യത്തിനായി അനുവദിച്ച തുക എത്രയാണ്; അതിൽ എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

## കിണറുകളിലെ ജലഗുണനിലവാര പരിശോധന

*389. ശ്രീ.പി.ജെ.ജോസഫ്

,, മോൻസ് ജോസഫ്

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കിണറുകളിലെ ജലഗുണനിലവാരം പരിശോധിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കിണറുകളിലെ ജലശുദ്ധീകരണം നടത്തുന്നതിന് സർക്കാർ ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതികൾ നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) ഈ പദ്ധതിക്ക് പൈലറ്റ് പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠനാന്തരീക്ഷം

*390. ശ്രീ.കെ. ബാബു

,, സി. കെ. ശശീന്ദ്രൻ

,, പി.വി. അൻവർ

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവർഗ്ഗക്കാർക്കായി മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഗോത്രവർഗ്ഗ മേഖലകളിൽ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നിർമ്മിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിക്ക് കേന്ദ്രഫണ്ട് ലഭ്യമാകുന്നുണ്ടോ;

(ബി) ഇവയുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി സംസ്ഥാന സർക്കാർ ചെയ്തുവരുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠനാന്തരീക്ഷവും അദ്ധ്യാപനവും മികച്ചതാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ;

(ഇ) നിലവിലുള്ളവയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും അന്തേവാസികളുടെ വ്യക്തിത്വ വികാസത്തിനും ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, എസ് വി ഉണ്ണികൃഷ്ണൻ നായർ,

തിരുവനന്തപുരം, സെക്രട്ടറി,

10-03-2020

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].